**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 525** **02-02-2023 - ൽ മറുപടിയ്ക്ക്**

**ആന്റി പ്രൊഫിറ്റിയറിങ് അതോറിറ്റിയുടെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീമതി കെ. കെ. രമ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. എം. വിൻസെന്റ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജി. എസ്. ടി. നികുതി കുറച്ചിട്ടും വിപണിയിൽ ധാരാളം നിത്യോപയോഗ സാധനങ്ങളുടെ വില കുറയുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | ജി.എസ്.ടി. നടപ്പിലാക്കിയതിനു ശേഷം പല ചരക്കുകളുടെയും സേവനങ്ങളുടെയും നികുതി നിരക്കുകൾ 28 ശതമാനത്തിൽ നിന്നും 18 അല്ലെങ്കിൽ 12 ശതമാനമായും 18 ശതമാനത്തിൽ നിന്നും 12 അല്ലെങ്കിൽ 5 ശതമാനമായും കുറവ് വരുത്തുകയുണ്ടായി. കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെയും പല സംഘടനകളുടെയും അപേക്ഷകൾ പ്രകാരമാണ് ഇത്തരം തീരുമാനങ്ങൾ ജി.എസ്.ടി. കൗൺസിലിൽ എടുക്കപ്പെട്ടത്. എന്നാൽ നികുതി നിരക്കിൽ വരുത്തിയ ഈ കുറവ് സാധാരണ ഉപഭോക്താക്കളിലേക്ക് എത്തിയിട്ടുള്ളതായി കാണപ്പെട്ടിട്ടില്ല. ജി.എസ്.ടി. യിലെ നികുതി കുറവുകൾ ഉപഭോക്താക്കൾക്ക് കൈമാറുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനായി ആന്റി പ്രൊഫിറ്റിയറിങ് അതോറിറ്റി സംവിധാനം ജി.എസ്.ടി. നിയമപ്രകാരം നിലവിൽ ഉണ്ടായിരുന്നു. ജി.എസ്.ടി. യുടെ തുടക്കത്തിൽ സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ് ഇക്കാര്യം പരിശോധിക്കുകയും നികുതിയിലെ കുറവ് ഉപഭോക്താക്കൾക്ക് കൈമാറിയിട്ടില്ലെന്ന് കണ്ടെത്തിയ വ്യാപാരികളുടെ വിശദവിവരം സംസ്ഥാന ആന്റി പ്രൊഫിറ്റിയറിങ് സ്ക്രീനിംഗ് കമ്മിറ്റി മുഖേന കേന്ദ്ര ആന്റി പ്രൊഫിറ്റിയറിങ് അതോറിറ്റിക്ക് തുടർനടപടികൾക്കായി നൽകുകയും ചെയ്യുകയുണ്ടായി. ജി.എസ്.ടി. കൗൺസിലിന്റെ നിർദേശപ്രകാരം ജി.എസ്.ടി. യിലെ ആന്റി പ്രൊഫിറ്റിയറിങ് നിയമപ്രകാരമുള്ള പരിശോധന നടത്തുന്നതിന് 01.12.2022 മുതൽ കോമ്പറ്റിഷൻ കമ്മീഷൻ ഓഫ് ഇന്ത്യ-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ജി.എസ്.ടി. യിൽ ചരക്കുകളുടെയും സേവനങ്ങളുടെയും നികുതി നിരക്ക് കുറയ്ക്കുന്നതിന്റെ |

| | | | |
|---|---|---|---|
| | | | ആനുകൂല്യം സാധാരണ ജനങ്ങൾക്ക് ലഭ്യമാക്കണം എന്നത് ഇതുമായി ബന്ധപ്പെട്ട ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സ് മീറ്റിങ്ങുകളിലും ജി.എസ്.ടി. കൗൺസിലിലും സംസ്ഥാനം ഉന്നയിച്ചിട്ടുണ്ട്. |
| (ബി) | ജി .എസ്. ടി. നിയമം വിഭാവനം ചെയ്ത ആന്റി പ്രൊഫിറ്റിയറിങ് അതോറിറ്റിയുടെ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (ബി) | ചരക്കുസേവന നികുതി നിയമത്തിലെ വകുപ്പ് 171 പ്രകാരം ചരക്കുകളുടെയോ സേവനങ്ങളുടെയോ നികുതി നിരക്കിൽ ഉണ്ടാകുന്ന കുറവും ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ ബെനിഫിറ്റും ഉപഭോക്താക്കൾക്ക് കൈമാറേണ്ടതുണ്ട്. ഇത് പരിശോധിക്കുന്നതിനുവേണ്ടി ജി.എസ്.ടി. യുടെ തുടക്കത്തിൽ കേന്ദ്ര സർക്കാർ കേന്ദ്ര ആന്റി പ്രൊഫിറ്റിയറിങ് അതോറിറ്റി രൂപീകരിച്ചു. ചരക്കുകളുടെയോ സേവനങ്ങളുടെയോ നികുതി നിരക്കിൽ ഉണ്ടാകുന്ന കുറവും ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ ബെനിഫിറ്റും ഉപഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ടോ എന്ന് തീരുമാനിക്കുന്നതും അങ്ങനെ കൈമാറാത്തവരെ കണ്ടുപിടിക്കുന്നതും ആനുകൂല്യം പലിശ സഹിതം ഉപഭോക്താവിന് കൈമാറാനും പിഴ ചുമത്തുന്നതിനും രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യുന്നതിനും ഉള്ള ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനും ഉള്ള അധികാരം കേന്ദ്ര ആന്റി പ്രൊഫിറ്റിയറിങ് അതോറിറ്റിക്ക് ഉണ്ട്. സംസ്ഥാന തലത്തിൽ ഇതിന്റെ സ്ക്രീനിംഗ് കമ്മിറ്റി സംസ്ഥാന സർക്കാരും രൂപീകരിക്കുകയുണ്ടായി. ആന്റി പ്രൊഫിറ്റിയറിങ്ങുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന് ലഭിക്കുന്ന പരാതികൾ സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റി പരിശോധിക്കുകയും പരാതിയിൽ കഴമ്പുള്ള പക്ഷം തുടർ നടപടികൾക്കായി കേന്ദ്ര ആന്റി പ്രൊഫിറ്റിയറിങ് അതോറിറ്റിക്ക് അയച്ചു കൊടുക്കുകയും ചെയ്യേണ്ടതുണ്ട്. പരാതിയിന്മേൽ പരിശോധന നടത്തി തുടർ നടപടികൾ സ്വീകരിക്കുന്നത് കേന്ദ്ര ആന്റി പ്രൊഫിറ്റിയറിങ് അതോറിറ്റി ആണ്. ജി.എസ്.ടി. യുടെ തുടക്കത്തിൽ രണ്ടു വർഷത്തേക്ക് ആണ് ആന്റി പ്രൊഫിറ്റിയറിങ് അതോറിറ്റി വിഭാവനം ചെയ്തിരുന്നതെങ്കിലും പിന്നീട് ഇതിന്റെ കാലാവധി നീട്ടിനൽകുകയുണ്ടായി. എന്നാൽ ജി.എസ്.ടി. കൗൺസിലിന്റെ നിർദേശപ്രകാരം 01.12.2022 മുതൽ ജി.എസ്.ടി. യിലെ ആന്റി പ്രൊഫിറ്റിയറിങ് നിയമപ്രകാരമുള്ള പരിശോധന നടത്തുന്നതിനുള്ള അധികാരം കോമ്പറ്റിഷൻ കമ്മീഷൻ ഓഫ് ഇന്ത്യ-യിൽ നിക്ഷിപ്തമാണ്. |
| (സി) | നികുതി വകുപ്പ് പുന:സംഘടന ഉത്തരവിൽ ആന്റി പ്രൊഫിറ്റിയറിങ് വിംഗ് രൂപീകരിക്കുന്ന കാര്യം പ്രതിപാദിക്കുന്നില്ല എന്നത് വസ്തുതയാണോ; | (സി) | പൊതുജനങ്ങളിൽ നിന്നും ആന്റി പ്രൊഫിറ്റിയറിങ് സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ പരിശോധിക്കുന്നതിനും ജി.എസ്.ടി. നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിനും |

| | | | |
|---|---|---|---|
| | | | എസ്.ആർ.ഒ. നമ്പർ 581/2017 വിജ്ഞാപനം പ്രകാരം സംസ്ഥാനതല സ്ക്രീനിംഗ് കമ്മിറ്റി സംസ്ഥാന സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ഇതിൽ കേന്ദ്ര ജി.എസ്.ടി. വകുപ്പിലെയും സംസ്ഥാന ജി.എസ്.ടി. വകുപ്പിലെയും ഉദ്യോഗസ്ഥർ അംഗങ്ങളാണ്. ഇത് വകുപ്പിന്റെ പുന:സംഘടനയുമായി ബന്ധപ്പെട്ടിട്ടുള്ളതല്ല. |
| (ഡി) | ആന്റി പ്രൊഫിറ്റിയറിങ് അതോറിറ്റി സംസ്ഥാനത്ത് കാര്യക്ഷമമാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (ഡി) | ആന്റി പ്രൊഫിറ്റിയറിങ്ങുമായി ബന്ധപ്പെട്ട് സംസ്ഥാനതല സ്ക്രീനിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് ഇത് സംബന്ധിച്ച പരാതികൾ വ്യക്തമായ തെളിവുകളോടെ കമ്മിറ്റിക്ക് കൈമാറാവുന്നതാണ്. നിലവിൽ കോമ്പറ്റിഷൻ കമ്മീഷൻ ഓഫ് ഇന്ത്യ ആണ് ഇത് സംബന്ധിച്ച പരാതികൾ പരിശോധിച്ച് തീരുമാനമെടുക്കേണ്ടത്. |

സെക്ഷൻ ഓഫീസർ